STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.251/PR/SPMC/PHQ/2022 Date:03.12.2022

# സംസ്ഥാന ഇ-ഗവേണൻസ് പുരസ്കാരം: കേരള പോലീസിന് മികച്ച നേട്ടം

പൊതുജന സേവനരംഗത്ത് ഇ-ഗവേണൻസ് പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ അവാർഡുകൾ കേരള പോലീസിന്റെ വിവിധ പദ്ധതികൾക്ക് ലഭിച്ചു. തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി വി.ശിവൻകുട്ടി എന്നിവർ അവാർഡുകൾ സമ്മാനിച്ചു.

സോഷ്യൽ മീഡിയ ആന്റ് ഇ-ഗവേണൻസ് വിഭാഗത്തിൽ (2018) ഒന്നാം സ്ഥാനം കേരള പോലീസ് സോഷ്യൽ മീഡിയ വിഭാഗത്തിനു ലഭിച്ചു. ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ (2018) പോലീസ് സൈബർ ഡോമിനാണ് രണ്ടാം സ്ഥാനം ലഭിച്ചത്. 2019-20, 2020-21 വർഷങ്ങളിൽ എം.ഗവേണൻസിന് ഒന്നാം സ്ഥാനം, മികച്ച വെബ്സൈറ്റിന് രണ്ടാം സ്ഥാനം എന്നിവ മറ്റ് സ്ഥാപനങ്ങളുമായി പങ്കിട്ടു. സോഷ്യൽ മീഡിയ ആന്റ് ഇ-ഗവേണൻസ് വിഭാഗത്തിൽ രണ്ടാം സ്ഥാനവും കേരള പോലീസ് നേടി.

ദക്ഷിണമേഖലാ ഐ.ജി പി.പ്രകാശ്, എസ്.പി ഡോ.ദിവ്യ.വി ഗോപിനാഥ്, തൃശൂർ സിറ്റി പോലീസ് കമ്മീഷണർ അങ്കിത് അശോകൻ എന്നിവരും സംഘവും അവാർഡ് സ്വീകരിച്ചു. എ.ഡി.ജി.പി മനോജ് എബ്രഹാം, ഐ.ജിമാരായ എച്ച്.വെങ്കടേശ്, അനൂപ് കുരുവിള ജോൺ, എസ്.പി ഡോ.അരവിന്ദ് സുകുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ:-

സംസ്ഥാന ഇ-ഗവേണൻസ് പുരസ്കാരങ്ങളുടെ ഭാഗമായി ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ കേരള പോലീസ് സൈബർ ഡോമിന് ലഭിച്ച പുരസ്കാരം ഐ.ജി പി.പ്രകാശിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം ഏറ്റുവാങ്ങുന്നു.

************************